പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1612 — 07.03.2018 ൽ മറുപടിക്ക്

**ശബരിമലയ്ക്കടുത്ത് അന്താരാഷ്ട്ര വിമാനത്താവളം**

ശ്രീ.രാജു എബ്രഹാം — പിണറായി വിജയൻ (മുഖ്യമന്ത്രി)

| ചോദ്യം | തിരുത്തൽ മറുപടി |
|---|---|
| (എ) ശബരിമലയ്ക്കടുത്ത് അന്താരാഷ്ട്ര വിമാനത്താവളം സ്ഥാപിക്കുമെന്ന സർക്കാരിന്റെ പ്രഖ്യാപനം നടപ്പാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും, ഇതിലേയ്ക്ക് ഒരു ആധികാരിക ഏജൻസി മുഖേന സാദ്ധ്യതാ പഠനം നടത്തുന്നതിന് 21.02.2017 ലെ സ.ഉ.(കൈ) 13/2017/ഗതാഗതം നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ (കെ എസ് ഐ ഡി സി) ചുമതലപ്പെടുത്തുകയും ചെയ്തു. ടെക്നോഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും, പരിസ്ഥിതി ആഘാത പഠനത്തിനായും ഒരു ആധികാരിക ഏജൻസിയെ തിരഞ്ഞെടുക്കുന്നതിനായി കെ എസ് ഐ ഡി സി ഒരു താൽപര്യ പത്രം പ്രസിദ്ധപ്പെടുത്തുകയും, സുതാര്യമായ തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ Louis Berger Consulting Pvt Ltd എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി തെരഞ്ഞെടുക്കുകയും ചെയ്തു. 25.09.2017 ലെ സ.ഉ (കൈ)76/2017/ഗതാ നമ്പർ സർക്കാർ ഉത്തരവിലൂടെ ആയതിന് വ്യവസ്ഥകൾക്ക് വിധേയമായി സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത കൺസൾട്ടന്റുമായി കെ എസ് ഐ ഡി സി ധാരണാ പത്രം ഒപ്പിടുകയും കൺസൾട്ടന്റ് പഠനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഇതേപ്പറ്റി പഠനം നടത്തുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏത് | (ബി) ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിന്റെ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി പഠനവും, പരിസ്ഥിതി ആഘാത പഠനവും നടത്തി |

| | | | |
|---|---|---|---|
| | ഏജൻസി; എത്ര രൂപയാണ് ഇതിനായി ചെലവഴിക്കുന്നത് ; ഇവർ എന്നാണ് റിപ്പോർട്ട് നൽകേണ്ടത് ; | | വിശദമായ പഠന റിപ്പോർട്ട് നാല് മാസത്തിനുള്ളിലും, പദ്ധതിക്കാവശ്യമായ അംഗീകാരവും അനുമതിയും ഒൻപത് മാസത്തിനുള്ളിലും ലഭ്യമാക്കണം എന്ന വ്യവസ്ഥയിൽ 4,55,40,000/- രൂപ ഫീസ് നൽകി കൊണ്ട് M/s ലൂയിസ് ബർഗർ കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡിനെ 25.09.2017 ലെ സ.ഉ(കൈ) നം. 76/17/ഗതാ നമ്പർ പ്രകാരം ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. |
| (സി) | കേന്ദ്ര സർക്കാരിൽ നിന്നും വിമാനത്താവളത്തിനായി എന്തൊക്കെ അനുമതികളാണ് വാങ്ങേണ്ടത് ; ഇതിന് എന്ത് കാലതാമസം നേരിടും; | (സി) | ഡി.ജി.സി.എ, വ്യോമയാന മന്ത്രാലയം, പ്രതിരോധ മന്ത്രാലയം, കേന്ദ്ര ആഭ്യന്തര മന്ത്രാലയം എന്നിവരുടെ ക്ലിയറൻസ്, വനം-പരിസ്ഥിതി വകുപ്പിന്റെ അനുമതി, കേന്ദ്ര സർക്കാരന്റെ "in principal" അപ്രൂവൽ എന്നിവ ഒൻപത് മാസത്തിനുള്ളിൽ ലഭ്യമാകുമെന്ന് കരുതുന്നു. |
| (ഡി) | വിമാനത്താവളം നിർമ്മിക്കാനായി അനുയോജ്യമായ ഏതെങ്കിലും സ്ഥലം കണ്ടെത്തിയോ; ഏത് സ്ഥലം; സ്ഥലം വിട്ടു ലഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കേണ്ടത്; | (ഡി) | 21.07.2017 ലെ സ.ഉ(കൈ) നം. 60/2017/ഗതാ ഉത്തരവ് പ്രകാരം ചെറുവള്ളി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ഹാരിസൺ മലയാളം പ്ലാന്റേഷനെ തെരഞ്ഞെടുത്ത് ഉത്തരവായിരുന്നു. തുടർ നടപടി കൈക്കൊണ്ടു വരുന്നു. |
| (ഇ) | എല്ലാ അനുമതികളും ലഭ്യമാക്കി എന്നത്തേയ്ക്ക് വിമാനത്താവളം നിർമ്മിക്കാൻ കഴിയുമെന്നാണ് കരുതുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഇ) | കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും ലഭ്യമാകേണ്ട അംഗീകാരവും ക്ലിയറൻസും ഉൾപ്പെടെ എല്ലാ നടപടികളും നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിച്ച് തിരഞ്ഞെടുക്കപ്പെട്ട കൺസൾട്ടന്റ് പഠനം പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

SR

സെക്ഷൻ ഓഫീസർ